
# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ വിൻസെന്റ് പള്ളോട്ടി



ജനനം 1795 ഏപ്രിൽ 21
മരണം 1850 ജനുവരി 20
വിശുദ്ധപദവി 1963 ജനുവരി 20

### റോമിലേയ്ക്ക് കുടിയേറ്റം

ഉമ്പ്രിയായിലെ നോർഡിയാ എന്ന പട്ടണം. അനേകം പുണ്യാത്മാക്കൾക്ക് ജന്മം നൽകിയ സഭയുടെ വളക്കൂറുള്ള മണ്ണ്. അസ്സീസിലെ യോഗീശ്വരൻ സ്വർഗ്ഗസ്ഥനായ പിതാവിനെ പാടിപ്പുകഴ്ത്തി ചുറ്റി സഞ്ചരിച്ചതവിടെയാണ്. വിശുദ്ധ ബനഡിക്ടിന്റെ വിശുദ്ധിയുടെ കേന്ദ്രങ്ങളായ ആശ്രമങ്ങൾ അവിടെ നിലകൊള്ളുന്നു. എന്നാൽ നിരന്തരമായ ഭൂചലനം ആ നാടിനെ ദാരിദ്ര്യത്തിലേയ്ക്കും വിസ്മൃതിയിലേയ്ക്കും തള്ളിവിട്ടു. അവിടുത്തെ ജനങ്ങൾ അയൽ രാജ്യങ്ങളിലേക്ക് കുടിയേറിപ്പാർത്തു. അങ്ങനെയാണ് പള്ളോട്ടി കുടുംബം റോമിൽ എത്തിച്ചേരുന്നത്.

### പള്ളോട്ടി കുടുംബം

റോമിന്റെ തെരുവിൽ പച്ചക്കറിക്കച്ചവടം നടത്തുന്ന ഒരു സാധാരണ മനുഷ്യൻ. പീറ്റർ പള്ളോട്ടി. സ്വതസിദ്ധമായ പ്രാഗൽഭ്യവും വിവേകപൂർവ്വമായ പെരുമാറ്റവും അദ്ദേഹത്തെ ഉയർച്ചയിലേക്ക് ആനയിച്ചു. അദ്ദേഹത്തിന്റെ ഭാര്യ മേരി ദി റോസ്സി സുകൃതിനിയായ സ്ത്രീയായിരുന്നു. അവളും ഒരു ദരിദ്രകുടുംബത്തിൽനിന്നുള്ളവളായിരുന്നു. പീറ്ററിന്റെ വിശുദ്ധിയെ വെല്ലുന്ന രീതിയിലുള്ളതായിരുന്നു അവളുടെ സ്വഭാവം. അവരുടെ ജീവിതവിശുദ്ധി പിൽക്കാലത്ത് സഭയ്ക്ക് ഒരു വിശുദ്ധനെ നൽകുവാൻ പര്യാപ്തമായി. ഇവരുടെ ദാമ്പത്യവല്ലരിയിൽ മൊട്ടിട്ട പത്ത് കുസുമങ്ങളിൽ മൂന്നാമനായിരുന്നു വിൻസെന്റ് അലോഷ്യസ് ഫ്രാൻസീസ്. 1795 ഏപ്രിൽ 21 ന് ആയിരുന്നു അവന്റെ ജനനം. പത്തു പേരിൽ വിൻസെന്റ് അടക്കം നാല്പേർ മാത്രമാണ് യുവത്വത്തിലേക്ക് കടന്നത്. മറ്റുള്ളവർ ശൈശവത്തിൽ തന്നെ പരലോകപ്രാപ്തരായി.

### കുടുംബത്തിലെ മാലാഖ

കുഞ്ഞുനാളിൽ തന്നെ വിൻസെന്റിൽ സ്വഭാവവിശുദ്ധി പ്രകടമായി. കൊച്ചു സഹോദരുമൊത്ത് പള്ളിയിൽ പോകുന്നത് അവന് ആഹ്ലാദകരമായ കാര്യമായിരുന്നു. വേദപഠനക്ലാസ്സിൽ അവൻ ശ്രദ്ധയോടെ

പങ്കെടുത്തു. ദ്യവ്യബലിയിൽ സംബന്ധിക്കുക അവന് ആഹ്ലാദകരമായ കാര്യമായിരുന്നു. നൈസർഗ്ഗികമായ ഒരു പുഞ്ചിരി ആ മുഖത്ത് എപ്പോഴും നിഴലിച്ചിരുന്നു. വിശുദ്ധ കുർബാനയ്ക്കുശേഷം ദേവാലയത്തിലെ മാതൃസ്വരൂപത്തിനു മുമ്പിൽ മുട്ടുകുത്തി കൈകൾ കൂപ്പി അവൻ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു."പ്രിയപ്പെട്ട അമ്മേ, എന്നെ നല്ലൊരു കുഞ്ഞാക്കണേ'. വേനൽക്കാലത്ത് പള്ളോട്ടി കുടുംബം ഫ്രഡ് കാനായിലുള്ള അവരുടെ ഗ്രാമത്തിൽ പോവുക പതിവാണ്. അവന് കിട്ടുന്ന മധുരപലഹാരങ്ങൾ മുന്തിരിത്തോപ്പിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികളുടെ മക്കൾക്ക് സമ്മാനിക്കും. അവരുമൊത്ത് ആർത്തുല്ലസിക്കും. കളികഴിയുമ്പോൾ അവരെ ഒരുമിച്ചുകൂട്ടി ജപമാല ചൊല്ലും ഈ നാളുകളിൽ 'കുടുംബത്തിലെ മാലാഖ' എന്നാണ് ഈ കുട്ടി അറിയപ്പെട്ടിരുന്നത്. കൗമാരത്തിൽതന്നെ അവർ നിയന്ത്രണം പാലിച്ചിരുന്നു. തപശ്ചര്യകൊണ്ട് ജീവിതത്തെ മെരുക്കിയെടുത്തു. തറയിൽ കിടക്കുക, പട്ടിണി കിടക്കുക, പ്രിയങ്കരമായത് പലതും മറ്റുള്ളവർക്ക് സമ്മാനിക്കുക തുടങ്ങിയവ അവന്റെ ജീവിതത്തിൽ ഏറ്റവും സന്തോഷം നൽകുന്ന നിമിഷങ്ങളായി മാറി. അനുസരണവും, എളിമയുമുള്ള ഈ ബാലൻ വീട്ടുകാർക്ക് മാത്രമല്ല അദ്ധ്യാപകർക്കും വേണ്ടപ്പെട്ടവനായി. പക്ഷേ വിൻസെന്റ് പഠനത്തിൽ വളരെ പിന്നോക്കമായിരുന്നു. അവന് വേണ്ടത്ര ബുദ്ധിയില്ല. അല്പം ബുദ്ധി സാമർത്ഥ്യംകൂടി ഉണ്ടായിരുന്നെങ്കിൽ സ്വർണ്ണത്തിന് സുഗന്ധം ലഭിച്ചതുപോലാകുമായിരുന്നുവെന്ന് അദ്ധ്യാപകർ പരസ്പരം പറഞ്ഞു.

## പരിശുദ്ധാത്മാവിന്റെ സഹായം

ഒരു ദിവസം പഠിച്ച കാര്യങ്ങൾ ഓർമ്മയിൽ നിലനിർത്താൻ കഷ്ടപ്പെടുന്ന വിൻസെന്റിനോട് അവന്റെ അമ്മ പറഞ്ഞു. 'കുഞ്ഞേ, നീ പരിശുദ്ധാത്മാവിന് ഒരു നൊവേന കഴിക്കുക. നിന്റെ ബുദ്ധിക്ക് പ്രകാശം ലഭിക്കും. പഠനത്തിൽ വിജയിക്കും. അമ്മയുടെ നിർദ്ദേശപ്രകാരം അവൻ അങ്ങനെചെയ്തു. അത്ഭുതം, അവന്റെ ബുദ്ധിയുടെ മാന്ദ്യമെല്ലാം മാറി. അവൻ പടിപടിയായി ഉയർന്ന് ക്ലാസ്സിൽ ഒന്നാമനായി. പിന്നീട് ഒരിക്കലും ബുദ്ധികുറവിനെയോർത്ത് അവന് ദുഃഖിക്കേണ്ടി വന്നിട്ടില്ല. കുട്ടികളേ, പഠിക്കാനും പരീക്ഷയ്ക്കും ഇരിക്കുന്നതിനുമുമ്പ് നിങ്ങൾ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുക. പരിശുദ്ധാത്മാവ് നിങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കും.

## കോളേജ് പഠനം

പതിനാറാം വയസ്സിൽ സ്കൂൾ പഠനം പൂർത്തിയാക്കി. ഇനി ഒരു സന്യാസി ജീവിതം ആശ്ലേഷിക്കണം. ഈ ആഗ്രഹം പിതാവിനെ അറിയിച്ചു. കപ്പൂച്ചിൻ സഭയിൽ ചേരണമെന്നായിരുന്നു ആഗ്രഹം. വിൻസെന്റിന് വേണ്ടത്ര ആരോഗ്യം ഇല്ലാത്തതിനാൽ ആത്മീയപിതാവ് കപ്പൂച്ചിൻ സഭയിൽ ചേരുന്നതിന് തടസ്സം പറഞ്ഞു. ദൈവവിളിയുടെ ലക്ഷണങ്ങൾ അവനിൽ വ്യക്തമായി കണ്ടുതുടങ്ങിയതിനാൽ പിറ്റേക്കൊല്ലം ഇടവക വൈദികനാകാൻ പിതാവിൽനിന്ന് അനുവാദം കിട്ടി. അങ്ങനെ വിൻസെന്റ് ഒരു സെമിനാരിവിദ്യാർത്ഥിയായി. റോമൻ കോളേജിൽ ചേർന്ന് പ്രഭാഷണകലയും, തത്വശാസ്ത്രവും, ദൈവശാസ്ത്രവും പഠിക്കാൻ തുടങ്ങി. കാനൻനിയമം, സഭാചരിത്രം, വിവിധ പൗരസ്ത്യഭാഷകൾ, സാമൂഹ്യശാസ്ത്രം എന്നിവയിൽ അവൻ പ്രാവിണ്യം നേടി.

## സെമിനാരിയിൽ ലഭിച്ച ഭക്തി

അഗാധവിനയം ഉണ്ടായിരുന്ന വിൻസെന്റ് ഒരു ഭക്തൻ കൂടിയായിരുന്നു. ബദ്ധപ്പെട്ട ജോലികളിൽ നിമഗ്നനായിരിക്കുമ്പോഴും നാലഞ്ച് പ്രാവശ്യം ദിവ്യകാരുണ്യ സന്നിധിയിൽ അദ്ദേഹം അണയുമായിരുന്നു. സക്രാരിയുടെ മുമ്പിൽ ചെലവഴിക്കുന്ന നിമിഷങ്ങൾ അനർഘങ്ങളാണ്. കുട്ടികളേ, സാധിക്കുന്ന ദിവസങ്ങളിലെല്ലാം നിങ്ങൾ ദിവ്യകാരുണ്യസന്ദർശനം നടത്തണം. പറ്റുമെങ്കിൽ ദിവസത്തിൽ പല പ്രാവശ്യം അങ്ങനെ ചെയ്യണം. അങ്ങനെ യേശുവുമായുള്ള ബന്ധത്തിൽ വളരണം.

നിത്യനഗരിയിലെ അപ്പസ്തോലൻ

## വി. വിൻസെന്റ് പള്ളോട്ടി

പരിശുദ്ധ അമ്മയുടെ തിരുനാൾ ദിവസങ്ങൾ വിൻസെന്റിന് ഏറ്റവും ഹൃദ്യമായിരുന്നു. തിരുന്നാളിന്റെ തലേദിവസം ഉപവസിക്കും. ഹൃദയം ഒന്നുകൂടി ശുദ്ധമാക്കും. സൽകൃത്യങ്ങളാൽ സമാലംകൃതമായ ഹൃദയത്തിലേക്ക് അമ്മയുടെ ബഹുമാനാർത്ഥം ദൈവകുമാരനെ സ്വീകരിക്കും. ദിവ്യബലിക്കായി ഒരു ത്യാഗമെങ്കിലും അർപ്പിക്കാതെ ഒരു ദിവസംപോലും കടത്തിവിട്ടിരുന്നില്ല.

## പൗരോഹിത്യത്തിലേക്ക്

കാലചക്രം ഉരുണ്ടു. ദൈവശാസ്ത്രവും, തത്ത്വശാസ്ത്രവും പഠിച്ച് സുദീർഘമായ പരിശീലനത്തിനുശേഷം പൗരോഹിത്യത്തിനായി ഒരുങ്ങി. 1818 മെയ് 16. പരിശുദ്ധ ത്രീത്വത്തിന്റെ തിരുന്നാൾദിവസം. സെമിനാരിക്കപ്പേളയിൽ നൂറുകണക്കിന് ജനങ്ങൾ തിങ്ങി നിറഞ്ഞ് നിൽക്കുമ്പോൾ ബ്രദർ വിൻസെന്റ് മെത്രാന്റെ കൈവയ്പ്പുവഴി പുരോഹിതനായി ഉയർപ്പെട്ടു. മാതാപിതാക്കൾ ആനന്ദാശ്രുക്കൾ പൊഴിച്ചു. തുടർന്ന് നടന്ന പ്രഥമദിവ്യബലിയിൽ പരമപിതാവിന് ഒരു ബലിവസ്തുവായി തന്നെത്തന്നെ അദ്ദേഹം സ്വയം സമ്മർപ്പിച്ചു.

## ദൈവശാസ്ത്രപണ്ഡിതൻ

പൗരോഹിത്യസ്വീകരണത്തിനുശേഷവും അദ്ദേഹം പഠനം തുടർന്നു. പല തീസീസുകളും രചിച്ച് ഒരു വിശ്രുതപണ്ഡിതനായി തീർന്നു. 1819-ൽ അദ്ദേഹം റോമൻ യൂണിവേഴ്സിറ്റിയിലെ ദൈവശാസ്ത്രപണ്ഡിതസഭയിലെ ഒരംഗമായി നിയമിതനായി. പത്തുകൊല്ലം ആ പദവിയിൽ അദ്ദേഹം തുടർന്നു. വേദപുസ്തകത്തിന്റെ ഗണ്യമായ ഒരു ഭാഗം അദ്ദേഹം ഹൃദിസ്ഥമാക്കിയിരുന്നു. റോമിലെ സാന്താ ലൂസിയ സ്ക്വയറിൽ തടിച്ചുകൂടുന്ന ദൈവജനത്തോട് വചനാധിഷ്ഠിതമായി പ്രസംഗിക്കുക ഫാ. വിൻസെന്റിന്റെ പതിവായിരുന്നു.

## പ്രാർത്ഥനാരീതി

ദിവ്യകാരുണ്യസന്നിധിയിൽ മണിക്കൂറുകൾ അദ്ദേഹം ചെലവഴിച്ചിരുന്നു. ദിവ്യനാഥനുമായി ഒന്നാകാൻ ആ ഹൃദയം വെമ്പൽകൊണ്ടു. അതിന് അദ്ദേഹം സ്വീകരിച്ച വഴി ദൈവസ്നേഹപ്രകരണങ്ങളും ഹൃദ്യമായ സുകൃതജപങ്ങളുമാണ്. ഈ സ്നേഹപ്രകരണങ്ങൾ അദ്ദേഹം നിരന്തരം ഉരുവിട്ടുകൊണ്ടിരുന്നു. ഏകാഗ്രമായ പ്രാർത്ഥനയിൽ അമരുക അദ്ദേഹത്തിന്റെ പതിവായിരുന്നു. മുട്ടിന്മേൽനിന്ന് കരങ്ങൾ വിരിച്ചുപിടിച്ച് അദ്ദേഹം പ്രാർത്ഥിക്കും. ചിലപ്പോൾ തന്റെ കയ്യിൽ എപ്പോഴും കൊണ്ട് നടക്കാറുള്ള ക്രൂശിതരൂപം നെഞ്ചോട് അടുപ്പിച്ച് പിടിച്ച് പ്രാർത്ഥനകൾ ഉരുവിടും. ബലിയർപ്പണ സമയത്താണ് ഏറ്റവും ഭക്തിപാരവശ്യത്തിൽ അദ്ദേഹം കാണപ്പെടുക. ഭക്തിപാരവശ്യത്തിൽ നിമഗ്നനായ ഫാ. വിൻസെന്റ് പലപ്പോഴും നിലത്തുനിന്ന് രണ്ട് മൂന്നടി ഉയർന്ന് നിൽക്കുന്നത് അൾത്താരശുശ്രൂഷകർ കണ്ട് സ്തബ്ധരായി നിന്നിട്ടുണ്ട്. കാനൻജപം മുട്ടിന്മേൽ നിന്ന്, കഴിയുന്നത്ര ചൊല്ലാൻ അദ്ദേഹം താൽപര്യം കാണിച്ചിരുന്നു. കുട്ടികളേ, നിങ്ങളുടെ പ്രാർത്ഥനാരീതി എങ്ങനെയാണ്? മുട്ടിന്മേൽ നിന്ന് കൈകൾ കൂപ്പിയും കൈകൾ വിരിച്ചും തീക്ഷ്ണതയോടെ ഉറക്കെ പ്രാർത്ഥിക്കണം. ദിവസത്തിൽ അനേകം പ്രാവിശ്യം സുകൃതജപങ്ങൾ മാറി മാറി ഉരുവിടണം.

## പ്രത്യേക അദ്ധ്യാപകൻ

തീക്ഷ്ണമായ അപ്പസ്തോലികപ്രവർത്തനങ്ങൾക്ക് ഇടയിൽ അദ്ദേഹം റോമിലെ സാപ്പിയെൻസിയ സർവ്വകലാശാലയിൽ പ്രത്യക അദ്ധ്യപകനായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ആഴമേറിയ പാണ്ഡിത്യം വിദ്യാർത്ഥിലോകത്തെ ആകർഷിച്ചു. കാലാന്തരത്തിൽ ഈ സർവ്വകലാശാലയുടെ മുഴുവൻ നേതൃതവും ഏറ്റെടുക്കാൻ അദ്ദേഹം നിർബന്ധിതനായിത്തീർന്നു. ഇക്കാലത്ത് പണ്ഡിതരുമായിട്ടു മാത്രമല്ല സമൂഹത്തിലെ എല്ലാ തുറകളിലുമുള്ള ജനങ്ങളുമായി അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. മരപ്പണിക്കാർ, ചെരിപ്പുകുത്തികൾ, ശില്പികൾ, ചുമട്ടുതൊഴിലാളികൾ, തുപ്പുകാർ, കച്ചവടക്കാർ...തുടങ്ങി സമൂഹത്തിലെ സാധാരണക്കാരുമായി ബന്ധം വളർത്തി. അവരെ ഒരുമിച്ചുകൂട്ടി ആഴ്ചയിലൊരിക്കൽ ഏതെങ്കിലും ദേവാലയത്തിൽ സമ്മേളിച്ച് ഭക്തിപരിപാടികൾ സംഘടിപ്പിച്ചു. അവർക്ക് നല്ല ഉപദേശങ്ങൾ നൽകി. അവരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. റോമിലെ സർവ്വകലാശാലകളും വിൻസെന്റിൽനിന്ന് ചൈതന്യം നുകർന്നിട്ടുണ്ട്. അനേകം മണിക്കൂർ അദ്ദേഹം കുമ്പസാരക്കൂട്ടിൽ കാണും. ചില ദിവസങ്ങളിൽ പ്രഭാതം മുതൽ പാതിരാത്രിവരെ കുമ്പസാരിപ്പിക്കും. പാപസങ്കീർത്തനത്തിന് അണയുന്നവരുടെ നീണ്ടനിര കുമ്പസാരക്കൂടിന്റെ ഇരുവശത്തും കാണാമായിരുന്നു. പാതിരാത്രിക്കു മുമ്പ് കുമ്പസാരം നിർത്തിയിട്ട് അവിടെ സന്നിഹിതരായ പാപപ്പെട്ടവർക്ക് ഭക്ഷണം നൽകും.

## പരിശുദ്ധാത്രൂപിയുടെ ദേവാലയറെക്ടർ

റോമിലെ ഏറ്റവും നല്ല ഇടവകയായ സാൻമാർക്കോയുടെ വികാരിയായി അദ്ദേഹം നിയമിതനായി. എന്നാൽ വിനീതനായ അദ്ദേഹം അതു സ്വീകരിച്ചില്ല. പകരം പരിശുദ്ധാത്രൂപിയുടെ ദേവാലയത്തിന്റെ റെക്ടറായി ചുമതലയേറ്റു. ഈ പള്ളിയാണ് പണ്ട് നെപ്പോളിയൻ ദേശീയ ദേവാലയമാക്കിയത്. അദ്ദേഹം

ചാർജ്ജെടുക്കുമ്പോൾ ആ പള്ളി മിക്കവാറും അവഗണിക്കപ്പെട്ട നിലയിലായിരുന്നു. 1835-ൽ റെക്ടറായി ചുമതലയേറ്റ അദ്ദേഹം ദേവാലയത്തിന്റെ പുനരുദ്ധാരണപദ്ധതികൾ പ്ലാൻ ചെയ്തു. ഒരു ആത്മീയ വിപ്ലവംതന്നെ അവിടെ പൊട്ടിപുറപ്പെട്ടു. ശനി, ഞായർ ദിവസങ്ങളിൽ പ്രത്യേകധ്യാനശുശ്രൂഷകൾ ഏർപ്പാട് ചെയ്തു. നൊവേനകളും, മെയ്മാസവണക്കവും, ത്രിദിനപ്രാർത്ഥനകളുംവഴി പതിനായിരങ്ങളെ അങ്ങോട്ട് ആകർഷിക്കാൻ ഇടയായി. മെത്രാന്മാരും ഉന്നതസ്ഥാനീയരും കർമ്മാനുഷ്ഠാനങ്ങളിൽ പങ്കുകൊണ്ടു.

## എതിർപ്പുകൾക്ക് ഇടയിൽ

ഫാ. വിൻസെന്റിന് ശത്രുക്കൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ദേവാലയത്തിലെ അഞ്ച് അസേന്തിമാർ അദ്ദേഹത്തെ വെറുത്തു. റോമാക്കാരനായ പള്ളോട്ടി അവർക്ക് വിദേശീയനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധി അവരുടെ മന:സാക്ഷിക്കുമുമ്പിൽ ഒരു വെല്ലുവിളിയായി നിന്നു. വിചിത്രമായ രീതിയിലാണ് അവർ അക്രമണം നടത്തിയിരുന്നത്. താക്കോൽ മാറ്റിവയ്ക്കുക. തിരുവസ്ത്രങ്ങൾ മാറ്റിവയ്ക്കുക, കുമ്പസാരക്കൂട് എടുത്തുമാറ്റുക തുടങ്ങിയ രീതികൾ അവർ അവലംബിച്ചു. പള്ളോട്ടിയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുക എന്നുള്ളതായിരുന്നു അവരുടെ ലക്ഷ്യം. ഇക്കാര്യം അറിഞ്ഞ പരിശുദ്ധപിതാവ് പള്ളിക്കാർക്ക് കർശനമായ കല്പന നൽകി. ഫാദർ വിൻസെന്റിനെ ഉപദ്രവിക്കരുതെന്നും, അദ്ദേഹത്തിന്റെ യാതൊരു കാര്യത്തിലും ഇടപെട്ടു പോകരുതെന്നും കല്പനപുറപ്പെടുവിച്ചു. എങ്കിലും അസേന്തിമാർ പീഢനമുറകൾ തുടർന്നുകൊണ്ടിരുന്നു. ഒടുവിൽ സാൻസശേവാത്തോരെയിൽ വിൻസെന്റും കൂട്ടരും പുതിയ ഒരു വസതി കണ്ടെത്തി.

## സ്വപ്നം പൂവണിയുന്നു

എല്ലാവരും മതബോധനത്തിന്റെ മധുരഫലം അണിയണമെന്ന് വിൻസെന്റ് ആഗ്രഹിച്ചു. വയലേലകളിലേയ്ക്ക് അനേകം മിഷനറിമാരെ അയയ്ക്കാൻ അദ്ദേഹത്തിന് ആഗ്രഹം ഉണ്ടായിരുന്നു. 1835-ൽ ഈ സ്വപ്നം പൂവണിഞ്ഞു. അദ്ദേഹം ഒരു കർമ്മപദ്ധതിക്ക് രൂപം നൽകി. സകലരെയും കത്തോലിക്കരാക്കുക, എല്ലാ കത്തോലിക്കരെയും നല്ല കത്തോലിക്കരാക്കുക, എല്ലാ നല്ല കത്തോലിക്കരെയും പ്രേഷിതരാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇതിന് ആരു സഹായിക്കും!

## കത്തോലിക്കാ പ്രേഷിതത്വം

അല്മായരുടെ ഒരു ഗണം അദ്ദേഹത്തിന്റെ മുറിയിൽ സമ്മേളിക്കാറുണ്ടായിരുന്നു. അവർ പ്രേഷിത തീക്ഷണതയാൽ ജ്വലിക്കുന്നവരായിരുന്നു. ഇവരായിരുന്നു വിൻസെന്റിന്റെ പ്രഥമ പ്രേക്ഷിതസമൂഹം. അവരെക്കൂട്ടി ഒരു സംഘടനയുണ്ടാക്കി. പണമിടപാടുകൾ അവരെ ഏല്പിച്ചു. പുതിയ പ്രസ്ഥാനത്തിന് സഭാതലത്തിലുള്ള അംഗീകാരം നേടാൻ അദ്ദേഹം ശ്രമം നടത്തി. ഈ സംഘടനയുടെ ലക്ഷ്യം, കത്തോലിക്കാവിശ്വാസം പ്രചരിപ്പിക്കുകയും സമസ്തജനങ്ങളെയും ഏകഇടയന്റെ കീഴിൽ കൊണ്ടുവരികയുമായിരുന്നു. കത്തോലിക്കാ പ്രേഷിതത്വം എന്നായിരുന്നു ഈ കൂട്ടായ്മയുടെ പേര്. ഇതിന്റെ നിയമാവലി അധികാരികൾക്ക് മുമ്പിൽ സമർപ്പിച്ചു. 1835 ഏപ്രിൽ 4 ന് മാർപാപ്പായുടെ പ്രതിനിധി കർദ്ദിനാൾ നൈസ്റ്റാൾക്കി വിൻസെന്റിന്റെ നവീന സഭയ്ക്ക് ഔദ്യോഗിക അംഗീകാരം നൽകി. 1835 ജൂലൈ 11 ന് പരിശുദ്ധ പിതാവ് ഗ്രിഗറി 16-ാമൻ മാർപാപ്പാ ഈ അഭിനവസഭയെ സ്വാഗതം ചെയ്യുകയും സഭാംഗങ്ങളുടമേൽ ശ്ലൈഹികാശീർവ്വാദം സമൃദ്ധമായി ചൊരിയുകയും ചെയ്തു.

## സഭയുടെ വളർച്ച

പിൽക്കാലത്ത് ഈ സഭയിൽ രണ്ട് വിഭിന്നസമൂഹങ്ങൾ രൂപപ്പെട്ടു. ഒന്ന്, വിദൂര പ്രേഷിതമണ്ഡലങ്ങളിൽ വിശ്വാസദീപമേന്തി വിജാതിയരുടെ ഇടയിൽ പ്രവർത്തിക്കുന്നവർ രണ്ട്, ക്രൈസ്തവഹൃദയങ്ങളെ വിശ്വാസവും ഉപവിയും വഴി ജ്വലിപ്പിക്കുന്നവർ. 1836-ൽ പള്ളോട്ടി ഈ സഭയ്ക്ക് ഒരു നിയമാവലി എഴുതി ഉണ്ടാക്കി. സഭാംഗങ്ങളെ മൂന്നായി തരം തിരിച്ചു. ഒന്ന്, കർമ്മനിഷ്ഠരായ അംഗങ്ങൾ, രണ്ട്, ധ്യാനാത്മക സമൂഹം. മൂന്ന്, സഹായികളായ അംഗങ്ങൾ. ഇടവക വൈദികർക്കും സന്യസ്തർക്കും അല്മായർക്കും ഇതിൽ ചേരാം. അവർ സഭയുടെ ഹൃദയവും കേന്ദ്രവുമായി പ്രവർത്തിച്ചു. തുടക്കത്തിൽ സഭാംഗങ്ങൾ ഒരുമിച്ച് താമസിച്ചിരുന്നില്ല. എന്നാൽ 1837 ൽ അവരിൽ ഗണ്യമായ ഒരു വിഭാഗം, പള്ളോട്ടിയോടൊത്ത് പരിശുദ്ധാത്മാവിന്റെ ദേവാലയത്തിൽ താമസം തുടങ്ങി. കത്തോലിക്കാ പ്രേഷിതസഭാംഗങ്ങൾ ആദ്യനാളിൽ വ്രതബദ്ധരാകണമെന്ന് പള്ളോട്ടി ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ കാലാന്തരത്തിൽ അത്

ആവശ്യമായിവന്നു. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം, സ്ഥിരത എന്നിവയാണ് ആദ്യവ്രതങ്ങൾ പരിശുദ്ധ സിംഹാസനത്തിന്റെ പ്രത്യേക കല്പനയില്ലാതെ സഭയിലെ സ്ഥാനമാനങ്ങൾ സ്വീകരിക്കരുതെന്നും പിന്നീട് കല്പന വന്നു.

## ഒരു മാനസാന്തരകഥ

ഒരിക്കൽ കുറെ യുവാക്കൾ മൈതാനത്ത് കളിക്കുകയായിരുന്നു. ഫാ. വിൻസെന്റും അവിടെ എത്തി. കളികാണാൻ ധാരാളം ആളുകൾ അവിടെ തിങ്ങിനിറഞ്ഞിരുന്നു. പെട്ടെന്ന് വിൻസെന്റ് ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് കളിക്കാരിൽ ഒരാളെ സമീപിച്ച് ഇങ്ങനെ പറഞ്ഞു: 'സ്നേഹിതാ, പരിശുദ്ധ കന്യകാമാതാവിന്റെ സ്നേഹത്തെപ്രതി താങ്കളോട് ഞാൻ അഭ്യർത്ഥിക്കുന്നു. എന്നോടുകൂടെ ദേവാലയത്തിലേക്ക് വരിക. അയാൾ വിൻസെന്റിനെ അനുഗമിച്ചു. ദേവാലയത്തിൽ എത്തിയ ഉടനെ വിൻസെന്റ് അയാളെ നല്ല കുമ്പസാരത്തിനായി ഒരുക്കി. പശ്ചാത്താപത്തോടെ അയാൾ പാപങ്ങൾ ഏറ്റുപറഞ്ഞു. നന്ദിപറഞ്ഞ് സ്വഭവനത്തിലേക്ക് പോയി. സമയം പാതിരായോടടുത്തു. ആ യുവാവിന് ശരീരമാസകലം വേദന. ഡോക്ടർമാർവന്ന് പരിശോധന നടത്തി. രക്ഷയില്ലെന്ന് വിധിയെഴുതി. ഉടനെ ആ യുവാവ് വിൻസെന്റിനെ വിളിക്കാൻ പറഞ്ഞു. നിമിഷങ്ങൾക്കകം വിൻസെന്റ് യുവാവിന്റെ അടുക്കലെത്തി. അദ്ദേഹം യുവാവിനെ നല്ല മരണത്തിനായി ഒരുക്കി. ഏതാനും നിമിഷം കഴിഞ്ഞപ്പോൾ അച്ചന്റെ കയ്യിൽക്കിടന്ന് ആ യുവാവ് അന്ത്യശ്വാസം വലിച്ചു.

## തോക്കിനു മുമ്പിൽ

1848. യൂറോപ്പിലാകെ വിപ്ലവങ്ങൾ നടമാടുകയാണ്. ഇറ്റാലിയൻ രാഷ്ട്രീയം ആകെ കലങ്ങി മറിഞ്ഞു. എല്ലായിടത്തും സമരകാഹളം. കലാപകാരികൾ റോം കീഴടക്കി. വിപ്ലവത്തിന്റെ വെന്നിക്കൊടികൾ എങ്ങും പാറിപറക്കുന്നു. ഒമ്പതാം പിയൂസ് മാർപാപ്പായെ അവർ മർദ്ദിക്കാൻ ഒരുങ്ങി. ബലം പ്രയോഗിച്ച് മനസ്സാക്ഷിക്ക് എതിരായ ചില പ്രമാണ രേഖയിൽ ഒപ്പുവപ്പിച്ചു. വത്തിക്കാൻ, പട്ടാളക്കാരെകൊണ്ട് നിറഞ്ഞു. ഒരൊറ്റ വൈദികനും അവിടെ പ്രവേശനമില്ല. അതാ, നാല്പത് വയസ്സ് തോന്നിക്കുന്ന ഒരു വൈദികൻ ധൃതിയിൽ വത്തിക്കാനിലേക്ക് നീങ്ങുകയാണ്. അദ്ദേഹത്തിന്റെ നടപ്പ് കണ്ടാലറിയാം പട്ടാളത്തെ അദ്ദേഹത്തിന് ഒട്ടും ഭയമില്ലായെന്ന്. ഒരു പട്ടാളക്കാരൻ തോക്കെടുത്ത് ചൂണ്ടി. നിൽക്കവിടെ എന്നലറിയതും, നിറയൊഴിച്ചതും ഒന്നിച്ചായിരുന്നു. അവിടെ തീതുപ്പുന്ന ധൂമപടലമുയർന്നു. അല്പസമയം കഴിഞ്ഞ് സുരക്ഷിതനായി ആ വൈദികൻ അതാ വീണ്ടും മുന്നേറുന്നു. പട്ടാളക്കാരൻ അന്ധാളിച്ചു. തനിക്ക് ഉന്നം പിഴച്ചോ?... വെടിയുണ്ട എവിടെ പ്പോയി? അതോ, ദൈവികശക്തിയാൽ അത് തെറിച്ചുപോയോ?...അതെ, അതാണവിടെ സംഭവിച്ചത്. അഖില ചരാചരങ്ങളെയും അടക്കി വാഴുന്ന ദൈവം ആ പുണ്യാത്മാവിനെ വെടിയുണ്ടയിൽനിന്ന് കാത്തുപരിപാലിച്ചു.

## വീണ്ടും ദൈവീകസംരക്ഷണം

വൈദികവിരോധികളായ കലാപകാരികൾ വിൻസെന്റിനെ വധിക്കുമെന്ന് ഭീഷണിമുഴക്കി. ഐറിഷ് കോളേജിന്റെ റെക്ടർ കർബി അദ്ദേഹത്തെ കുറെക്കാലം ഒളിവിൽ പാർപ്പിച്ചു. വിൻസെന്റച്ചൻ അവിടെ ഉണ്ടെന്നറിഞ്ഞ് പട്ടാളക്കാർ അങ്ങോട്ട് നീങ്ങി. അനേകം മുറികളുള്ള ആ വലിയ കെട്ടിടത്തിലെ സകല മുറികളും തള്ളി തുറന്ന് പരിശോധിച്ചു. എന്നാൽ വിൻസെന്റ് ഇരുന്ന മുറിയിൽ മാത്രം അവർ പരിശോധിക്കാൻ വന്നില്ല. അവിടെയും ദൈവം അദ്ദേഹത്തെ പരിപാലിച്ചു.

## പരസ്യപാപിയുടെ മാനസാന്തരം

പരസ്യപാപിയെന്നറിയപ്പെടുന്ന ഒരു മനുഷ്യൻ പെട്ടെന്ന് രോഗാതുരനായി. അയാളുടെ ബന്ധുക്കൾ വിൻസെന്റിനെ ആളയച്ച് വരുത്തി. വിൻസെന്റ് ഭവനത്തിൽ പ്രവേശിക്കുമ്പോൾ രോഗിയുടെ ചുറ്റും ധാരാളം ആളുകൾ കൂടിനിൽക്കുന്നു. അദ്ദേഹം അവരോട് പറഞ്ഞു. നിങ്ങൾ ദൈവത്തിലും ദൈവമാതാവായ കന്യകാമറിയത്തിലും വിശ്വസിക്കുവിൻ. ഞാൻ ഉടനെ തിരിച്ച് വരുന്നതാണ്. ഇത്രയും പറഞ്ഞിട്ട് വിൻസെന്റ് സ്വഭവനത്തിലേയ്ക്ക് മടങ്ങി. അദ്ദേഹം മുട്ടിന്മേൽ വീണ് പ്രാർത്ഥിച്ചു. 'എത്രയും ദയയുള്ള മാതാവേ, ഞങ്ങളുടെ പ്രിയപ്പെട്ട അമ്മേ, അങ്ങേ തിരുമുമ്പിൽ അണയുന്ന പാപികളായ ഞങ്ങളുടെ പ്രാർത്ഥന തിരസ്ക്കരിക്കരുതേ, അങ്ങേ തിരുകുമാരനിൽ നിന്നും, തിന്മയിൽ നിപതിച്ചുപോയ, ഈ രോഗിക്ക് വേണ്ട പ്രസാദവരം അങ്ങ് വാങ്ങി തരുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു'. ഏതാനും മണിക്കൂർ പ്രാർത്ഥനയ്ക്കുശേഷം വിൻസെന്റ് രോഗിയുടെ അടുക്കലെത്തി. പെട്ടെന്ന് അയാൾക്ക് സംസാരശക്തി തിരിച്ചുകിട്ടി. വിൻസെന്റ് അയാളെ കുമ്പസാരിപ്പിച്ചു. അയാളെ

മാനസാന്തരത്തിലേയ്ക്ക് നയിച്ചു. പാപമോചനം നൽകാൻ കൈകൾ ഉയർത്തിയപ്പോൾ അയാളുടെ സംസാരശക്തി വീണ്ടും നഷ്ടപ്പെട്ടു. എങ്കിലും വിൻസെന്റ് നൽകിയ ഉപദേശം സുബോധത്തോടെ അയാൾ ശ്രവിച്ചു. കുമ്പസാരവേദിയിൽ അദ്ദേഹം സ്നേഹമുള്ള ഒരു പിതാവും കാരുണ്യമൂർത്തിയായ ഒരു വിധിയാളനുമായി കാണപ്പെട്ടു.

## ക്ഷമായാചനം

തന്നെ ദ്രോഹിക്കുന്നവരോടെല്ലാം വിൻസെന്റ് ക്ഷമായാചനം ചെയ്തിരുന്നു. ഒരു ദിവസം വിൻസെന്റിനെ വെറുത്ത ഒരു മനുഷ്യൻ വന്ന് ചീത്തവിളിച്ചു. അവഹേളനങ്ങളുടെയും നിന്ദനങ്ങളുടെയും ഒരു മഹാമാരിതന്നെ അദ്ദേഹത്തിന്റെ മേൽ ചൊരിഞ്ഞു. വിൻസെന്റ് ഒരു വാക്കുപോലും പറയാതെ എല്ലാം ശാന്തനായി നിന്നുകേട്ടു. ശകാരം കഴിഞ്ഞപ്പോൾ വിൻസെന്റ് അയാളുടെ അടുത്തുചെന്ന് പറഞ്ഞു 'ഞാൻ അറിയാതെ ചെയ്തുപോയ തെറ്റുകൾ ക്ഷമിക്കണമെന്ന് ഞാൻ യാചിക്കുന്നു.' വിൻസെന്റിന്റെ ഈ രീതിയിലുള്ള ക്ഷമായാചനം അനേകരുടെ മാനസാന്തരത്തിന് വഴിതെളിച്ചിട്ടുണ്ട്.

## അപമാനത്തിന് നന്ദി

നിന്ദിക്കപ്പെടുമ്പോൾ ദൈവത്തിന് നന്ദിപറയുക വിൻസെന്റിന്റെ രീതിയായിരുന്നു. ഒരു ദിവസം സാന്താമരിയ ദേവാലയത്തിന്റെ സങ്കീർത്തിയിൽ വിൻസെന്റ് കുറെനേരം മുട്ടിന്മേൽ നിൽക്കുന്നത് ഒരു സ്നേഹിതൻ കണ്ടു. പ്രാർത്ഥന കഴിഞ്ഞപ്പോൾ സ്നേഹിതൻ ചോദിച്ചു. 'എന്തിനാണ് താങ്കൾ ഇപ്പോൾ ഇത്ര തീക്ഷ്ണതയോടെ പ്രാർത്ഥിക്കുന്നത്.' വിൻസെന്റ് പറഞ്ഞു 'എനിക്ക് കിട്ടിയ ഒരു മഹാദാനത്തിന് ഞാൻ നന്ദി പറയുകയാണ്.' എന്തായിരുന്നെന്നോ ആ ദാനം? പരസ്യമായി അദ്ദേഹത്തിന് ലഭിച്ച ഒരു അവഹേളനമായിരുന്നു അത്!

## രണ്ട് സ്ഥലങ്ങളിൽ ഒരേസമയം

വിൻസെന്റിന് പ്രത്യേകമായി ലഭിച്ച വരങ്ങളിൽ ഒന്നായിരുന്നു ഒരേ സമയം രണ്ട് സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടാൻ കഴിയുക (ആശഹീരമശേീ)എന്നുള്ളത്. ഒരിക്കൽ ഒരു പട്ടാളക്കാരൻ എലിസബത്ത് സന്നയെന്ന സ്ത്രീയെ അനുഗമിച്ച് ് മോശമായി അവളോട് പെരുമാറാൻ തുടങ്ങി. (എലിസബത്ത് സന്ന - വിൻസെന്റിന്റെ ജീവചരിത്രത്തിൽ പലപ്രാവശ്യം പ്രത്യക്ഷപ്പെടുന്ന ഭക്തയും സുകൃതിനിയുമായ സ്ത്രീ.) പെട്ടെന്ന് വിൻസെന്റ് അവിടെ പ്രത്യക്ഷനായി അവളെ അനുഗമിച്ചു. അവളെ അവളുടെ വീട്ടിൽ സുരക്ഷിതയായി എത്തിച്ചശേഷം അപ്രത്യക്ഷനായി.

## മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

മരിച്ചവർക്കുവേണ്ടി വിൻസെന്റ് പ്രത്യേകം ബലിയർപ്പിച്ച് പ്രാർത്ഥിച്ചിരുന്നു. പലപ്പോഴും മരിച്ച വ്യക്തിയുടെ കുടുംബാംഗങ്ങളോടും ഭക്തജനങ്ങളോടുമൊപ്പം അദ്ദേഹം സിമിത്തേരിയിലേക്ക് പോകുന്നത് കാണാമായിരുന്നു. സിമിത്തേരിയിൽ അവരുടെ കബറിടത്തിങ്കൽ തിരുക്കർമ്മാദികൾ നടത്തുക വിൻസെന്റിന്റെ ഒരു സുപ്രധാന പരിപാടിയായിരുന്നു.

## വചനത്തോടുള്ള താല്പര്യം

വേദപുസ്തകം വിൻസെന്റിന്റെ ജീവത്കേന്ദ്രമായിരുന്നു. വേദപുസ്തകത്തോട് അദ്ദേഹം പ്രത്യേക സ്നേഹവും ആദരവും പുലർത്തിയിരുന്നു. അൾത്താരയിൽ കുർബാനസമയത്ത് അദ്ദേഹം സുവിശേഷഗ്രന്ഥം ചുംബിക്കുന്നതു കണ്ടാൽ അത് ഏറ്റവും സമാകർഷകമായി ആർക്കും തോന്നും. വിശ്വാസത്തെ സംബന്ധിക്കുന്നതും തിരുസഭയെ പുരസ്ക്കരിച്ചുള്ളതുമായ സുവിശേഷഭാഗങ്ങൾ പ്രസംഗിക്കാൻ വിൻസെന്റ് വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു. നിത്യരക്ഷയുടെ രഹസ്യങ്ങൾ ഉൾകൊള്ളുന്ന വേദപുസ്തകം ഓരോരുത്തരും ഹൃദിസ്ഥമാക്കണമെന്നും, ജീവന്റെ ആ നീരുറവയിൽനിന്ന് എല്ലാവരും സമൃദ്ധമായി പാനം ചെയ്യണമെന്നും അദ്ദേഹം ഉദ്ഘോഷിച്ചു. ബൈബിൾ ഒരദ്ധ്യായം എങ്കിലും ദിവസവും വായിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചിരുന്നു.

## പരിപൂർണ്ണമനുഷ്യനാകാൻ

എല്ലാറ്റിലും മിതത്വം പാലിക്കാൻ വിൻസെന്റ് ശ്രദ്ധിച്ചിരുന്നു. രാത്രിയുടെ ഒരു സുപ്രധാനഭാഗം മുഴുവൻ അദ്ദേഹം ദിവ്യകാരുണ്യസന്നിധിയിലാണ്. ചെലവഴിച്ചത്. ഉറക്കത്തെ അതിജീവിക്കാൻ എഴുന്നേറ്റുനിന്ന് കൈകൾ കുരിശാകൃതിയിൽ വിരിച്ചുപിടിച്ച് പ്രാർത്ഥിക്കുമായിരുന്നു. കഠിനതപശ്ചര്യകൾ കൂടാതെ

പീഡനങ്ങളും അദ്ദേഹം ജീവിതത്തോട് കൂട്ടിച്ചേർത്തു. ചമ്മട്ടിയടി, മുള്ളരഞ്ഞാണം, രോമച്ചട്ട ഇവയുടെ പ്രയോഗങ്ങൾ ഒട്ടും കുറവല്ലായിരുന്നു. സ്ത്രീകളാരും സ്വന്തം മുറിയിൽ വരാൻ അനുവദിച്ചിരുന്നില്ല. സങ്കീർത്തിയിൽ സ്ത്രീകൾ കയറുന്നതും വിലക്കിയിരുന്നു.

## ജയിലിലെ പ്രേക്ഷിതത്വം

മരണത്തിന് വിധിക്കപ്പെട്ടവരോട് അദ്ദേഹത്തിന് കൂടുതൽ അനുകമ്പയുണ്ടായിരുന്നു. കാരണം അവരുടെ നിത്യരക്ഷ അന്ത്യനിമിഷങ്ങളിലാണ്. വധശിക്ഷയുടെ തലേദിവസം പള്ളോട്ടി അവരോടുകൂടെ ചെലവഴിക്കും. അവരെ പശ്ചാത്താപത്തിലേക്ക് നയിക്കാൻ കഠിനാദ്ധ്വാനം ചെയ്യും. ഒരിക്കൽ വധിക്കപ്പെടാനുള്ള ഒരാൾക്ക് വിൻസെന്റ് വി. കുർബാന എഴുന്നള്ളിച്ചുകൊടുത്തു. അയാൾക്ക് ഹൃദ്യമായ ഒരു ഉപദേശം അദ്ദേഹം നൽകി. ഇതുകേട്ട് അയാളുടെയും അടുത്തുനിന്നവരുടെയും കണ്ണ് നിറഞ്ഞു. ജയിൽപുള്ളികളുടെ ഇടയിലുള്ള ഈ പ്രേക്ഷിതത്വം സർവ്വരുടെയും ശ്രദ്ധയാകർഷിച്ചു. തൽഫലമായി വിൻസെന്റിനെ ജയിൽപുള്ളികളുടെ പൊതുചാപ്ളിനാക്കാൻ തീരുമാനമുണ്ടായി. എന്നാൽ അദ്ദേഹം അത് നിരസിച്ചു.

## മരിയഭക്തൻ

പരിശുദ്ധ അമ്മയുടെ മഹത്വത്തിനായി ബൊനവഞ്ചർ രചിച്ച ഭക്തിഗാനങ്ങൾ വിൻസെന്റ് ഇറ്റാലിയൻ ഭാഷയിൽ പരിഭാഷപ്പെടുത്തി. ജനങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു പ്രാർത്ഥനാസമാഹാരമായിരുന്നു അത്. അതിന്റെ പതിനായിരക്കണക്കിന് കോപ്പികൾ വിറ്റഴിഞ്ഞു. ഒരിക്കൽ വിൻസെന്റ് ഒരു പിശാച് ബാധിതനോട് ചോദിച്ചു. ആ പ്രാർത്ഥന ചൊല്ലിയവർ എത്ര പേർ നശിച്ചുപോയിട്ടുണ്ട്. പിശാച് മറുപടി പറഞ്ഞു. ആരും നശിച്ചിട്ടില്ല.''ആ പ്രാർത്ഥനകൾ ഉരുവിടുന്നവരെ മരണസമയത്ത് പ്രലോഭിപ്പിക്കാൻ പാടില്ലെന്ന് ദൈവം കല്പിച്ചിരിക്കുകയാണ്'' മിറയത്തോടുള്ള ഭക്തി പിശാചിനെതിരായുള്ള ഒരു സമരായുധമാണ്.

## കോളറരോഗത്തിനെതിരെ ജപമാലപ്രദക്ഷിണം

ഫ്രഞ്ചുവിപ്ലവത്തിന്റെ അലയടികൾ ചക്രവാളത്തിൽ അപ്രത്യക്ഷമായെങ്കിലും അണിയറയിൽ അത് പുകഞ്ഞുകൊണ്ടിരുന്നു. അതിന് തൊട്ടുപിന്നാലെ 'കോളറ' എന്ന രോഗവും റോമിൽ പൊട്ടിപ്പുറപ്പെട്ടു. ആറായിരത്തോളം പേരാണ് റോമിൽ അന്ന് മരിച്ചത്. ആതുരാലയങ്ങൾ രോഗികളെകൊണ്ട് നിറഞ്ഞു. രോഗികളെ ശുശ്രൂഷിക്കുന്നതുപോലും ആപൽക്കരമായിരുന്നു. ഈ നാളിൽ മരണത്തെ വെല്ലുവിളിച്ചുകൊണ്ട് പള്ളോട്ടിയുടെ നേതൃത്തിൽ ഒരു പറ്റം വൈദികരും അല്മായരും രംഗത്തെത്തി. അവർ രോഗികളെ പരിചരിച്ചു. കയ്യിൽ ജപമാലയും പിടിച്ച് അമലോത്ഭവ മാതാവിന്റെ രൂപവുമായി ജനങ്ങൾ 'സാന്തമരിയ മഗ്ഗിയോരെ' എന്ന ദേവാലയത്തിലേയ്ക്ക് പ്രദക്ഷിണമായി നീങ്ങി. രണ്ടാമത്തെ പ്രദക്ഷിണം സാന്താമരിയായിൽനിന്ന് വത്തിക്കാനിലേക്ക് സംഘടിപ്പിക്കപ്പെട്ടു. മാതാവിന്റെ രൂപത്തിനു മുമ്പിൽ അവർ മണിക്കൂറുകൾ പ്രാർത്ഥന നടത്തി. ഫാ. വിൻസെന്റും കൂട്ടരും ഈ പ്രദക്ഷിണത്തിന് നേതൃത്വം കൊടുത്തു. പരിശുദ്ധ അമ്മയുടെ കരങ്ങൾ പ്രവർത്തിക്കുകയും കോളറ കെട്ടടങ്ങുകയും ചെയ്തു.

## ദുഷ്ടാരൂപിയുടെ മേലുള്ള അധികാരം

പിശാചുബാധിതരുടെമേൽ വിൻസെന്റിന് അസാധാരണമായ ശക്തിയുണ്ടായിരുന്നു. അദ്ദേഹം റോമിൽ റെക്ടറായി സേവനമനുഷ്ഠിക്കുന്ന സമയം പിശാചുബാധിതനായിരുന്ന ഒരു പട്ടാളക്കാരനെ വിൻസെന്റിന്റെ മുമ്പിൽ കൊണ്ടുവന്നു. അദ്ദേഹം ക്രിസ്തുവിന്റെ നാമത്തിൽ ദുഷ്ടാരൂപിയെ ശാസിക്കുകയും പുറത്താക്കുകയും ചെയ്തു ഒരിക്കൽ നേപ്പിൾസിലുള്ള പിശാചുബാധിതയായ ഒരു സ്ത്രീ വിൻസെന്റിന്റെ അടുക്കലെത്തി. അവൾ അനിയന്ത്രിതമായി ബഹളം കൂട്ടാൻ തുടങ്ങി. ദേവാലയത്തിൽ പ്രവേശിക്കപ്പെട്ടതോടെ അവൾ ഭയങ്കരമായി അലറി. ജനങ്ങൾ ഭയവിഹ്വലരായി ഓടി. വിൻസെന്റ് പൗരോഹിത്യാധികാരത്തോടെ പിശാചുക്കളോട് പുറത്തിറങ്ങാനും നിശ്ശബ്ദരാകാനും കല്പിച്ചു. ആ ദുരാത്മാക്കൾ തൽക്ഷണംതന്നെ അവളെ വിട്ടുപോവുകയും ആ സ്ത്രീ സ്വതന്ത്രയാവുകയും ചെയ്തു.

## പ്രക്ഷുബ്ധരായ ജനത്തെ ശാന്തമാക്കുന്നു

വിൻസെന്റിന് ജനങ്ങളുടെമേൽ അത്ഭുതകരമായ വശ്യശക്തിയുണ്ടായിരുന്നു. ഒരിക്കൽ ടാസ്റ്റെവേരെയിൽ ഒരു കലഹം പൊട്ടിപുറപ്പെട്ടു. പട്ടാളക്കാർ അവിടെയുള്ള സ്ത്രീകളോട് അപമര്യാദയായി പെരുമാറാൻ തുടങ്ങി. ജനങ്ങൾ ഇളകിവശായി. അവർ പട്ടാളക്കാരുമായി ഏറ്റുമുട്ടി. പട്ടാളക്കാർ ഒരാളെ വധിക്കുകയും

അനേകരെ മുറിവേൽപ്പിക്കുകയും ചെയ്തു. പിറ്റേ ഞായറാഴ്ച ജനങ്ങൾ ഒറ്റക്കെട്ടായി പട്ടാളക്കാർക്കുനേരെ നീങ്ങി. പരിതസ്ഥിതികൾ അനിയന്ത്രിതവും ആപത്ക്കരവുമാണെന്നു കണ്ട കർദ്ദിനാൾ ലംബ്രൂഷിനി വിൻസെന്റിനെ ആളയച്ചു വരുത്തി. ഒട്ടും താമസിയാതെ വിൻസെന്റ് സംഭവസ്ഥലത്തെത്തി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും വാക്കുകളും ജനഹൃദയങ്ങളെ വശീകരിച്ചു. പ്രക്ഷുബ്ധമായ അന്തരീക്ഷം ശാന്തമാവുകയും പട്ടാളക്കാരും ജനങ്ങളും താമസംവിനാ അനുരഞ്ജനത്തിലെത്തിച്ചേരുകയും ചെയ്തു.

## മരണത്തെ പിടിച്ചു നിർത്തിയവൻ

വിൻസെന്റിന്റെ പിതാവിന് ക്യാൻസർ രോഗം പിടിപെട്ടു. ചികിത്സകളെല്ലാം വിഫലമായി. വിൻസെന്റ് അടുത്തെത്തി പിതാവിനെ ശുശ്രൂഷിച്ചു. പീറ്റർ പോൾ പള്ളോട്ടിക്ക് തന്റെ മരണം ആസന്നമായെന്ന് ഉറപ്പായി. ദൈവഹിതത്തിന് കീഴ്വഴങ്ങാൻ അദ്ദേഹം തീരുമാനിച്ചു. എങ്കിലും ഇനിയും പലകാര്യങ്ങൾ ശരിപ്പെടുത്താനുള്ളതിനാൾ അല്പകാലംകൂടി ജീവിച്ചാൽ കൊള്ളാമെന്ന് അദ്ദേഹം അഭിലഷിച്ചു. അദ്ദേഹം വിൻസെന്റിനെ അടുത്ത് വിളിച്ച് ഒരു കൊല്ലം കൂടി ജീവിച്ചിരിക്കുവാനുള്ള വരം ലഭിക്കുന്നതിന് കന്യകാമാതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കണമെന്നു പറഞ്ഞു. പിതാവിന്റെ ആഗ്രഹപ്രകാരം വിൻസെന്റ് പ്രാർത്ഥന ആരംഭിച്ചു. കന്യകാമാതാവിന്റെ രൂപത്തിന് മുന്നിൽ മൂന്നുമണിക്കൂർ നീണ്ട പ്രാർത്ഥന അദ്ദേഹം നടത്തി. അതിനുശേഷം അദ്ദേഹം തിരിച്ചുവന്ന് പിതാവിനോടു പറഞ്ഞു : യാചിച്ച വരം ലഭ്യമായിരിക്കുന്നു. എന്നാൽ അദ്ദേഹം ഇങ്ങനെകൂടി കൂട്ടിച്ചേർത്തു. മരിക്കുമ്പോൾ പിതാവിന്റെ സമീപത്ത് താൻ ഉണ്ടായിരിക്കുകയില്ല. അധികം താമസിയാതെ പീറ്റർ പോൾ പള്ളോട്ടി സൗഖ്യം പ്രാപിച്ചു. മാസങ്ങൾ കടന്നുപോയി, പീറ്റർ പള്ളോട്ടി താൻ ചെയ്തുതീർക്കേണ്ട കാര്യങ്ങളെല്ലാം പൂർത്തിയാക്കി. ഒരു ദിവസം വിൻസെന്റ് തന്റെ പിതാവിനെ സമീപിച്ചു പറഞ്ഞു "നാളെ നന്നായി കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കണം". അതിന്റെ ആവശ്യമില്ലല്ലോ എന്നുപറഞ്ഞ് അദ്ദേഹം വൈമനസ്യം കാണിച്ചു. കാരണം, അദ്ദേഹം കുമ്പസാരിച്ച് ദിവ്യകാരുണ്യം സ്വീകരിച്ചിട്ട് അധികദിവസങ്ങളായിരുന്നില്ല. എങ്കിലും മകന്റെ നിർബന്ധപ്രകാരം പിറ്റെ ദിവസം അദ്ദേഹം കുമ്പസാരിക്കുകയും വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്തു. വീട്ടിൽ തിരിച്ചെത്തിയ ആദ്ദേഹം പെട്ടെന്ന് രോഗഗ്രസ്തനാവുകയും വിവശനായി നിലംപതിക്കുകയും ഏതാനും നിമിഷങ്ങൾക്കകം മരണമടയുകയും ചെയ്തു. വിൻസെന്റ് സ്ഥലത്തെത്തുന്നതിനുമുമ്പ് പീറ്റർ പള്ളോട്ടി പരലോകം പ്രാപിച്ചു.

## അഖിലലോകപ്രേക്ഷിതവര്യൻ

വിൻസെന്റിന്റെ വസ്ത്രവും മുറിയും ദാരിദ്ര്യത്തെ പ്രദ്യോതിപ്പിക്കുന്നവയായിരുന്നു. പതിനെട്ടുകൊല്ലം ഒരൊറ്റ ളോഹ അദ്ദേഹം ഉപയോഗിച്ചു. അദ്ദേഹത്തിന്റെ ഭക്ഷണരീതി വിചിത്രമായിരുന്നു. ഭക്ഷണപദാർത്ഥങ്ങൾ വളരെ ചെറിയ കഷണമാക്കി ഭക്ഷിച്ചിരുന്നു. പാനീയങ്ങൾ ഓരോതുള്ളിവീതമാണ് കുടിച്ചിരുന്നത്. അതിന്റെ കാരണമെന്താണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, നമ്മൾ ഭക്ഷിക്കുമ്പോഴും പാനം ചെയ്യുമ്പോഴും കുർബാന സ്വീകരണം നടത്തുകയല്ല എന്നെനിക്കറിയാം. പക്ഷേ പലപ്പോഴും അങ്ങനെയാണെന്ന് ഞാൻ ചിന്തിച്ചു പോകുന്നു. വസ്തുക്കൾ ദുർവ്യയം ചെയ്യുക വിൻസെന്റിന് അസഹനീയമായിരുന്നു. ഒരു രോഗിയുടെ മുറിയിൽ പ്രവേശിച്ചാൽ അദ്ദേഹം ഉടനെ മുട്ടിന്മേൽ വീണ് പ്രാർത്ഥിക്കും. ഉടനെ കർത്താവിന്റെയോ പരിശുദ്ധ മറിയത്തിന്റെയോ, ഒരു രൂപമെടുത്ത് ദുഷ്ടാരൂപിയോട് പുറത്തിറങ്ങാൻ കല്പിക്കും. അനന്തരം ആ രോഗിക്ക് തിരുസ്വരൂപം ചുംബിക്കാൻ നൽകും. പിന്നീട് രോഗിയുടെ വിശ്വാസത്തെ ഉദ്ദീപിപ്പിച്ചതിനുശേഷം കുമ്പസാരം കേൾക്കും. പാപപ്പൊറുതി നൽകി ആ

## ഹൃദയത്തെ ആശ്വസിപ്പിക്കും.

അലസത അദ്ദേഹം പാടെ വെറുത്ത ഒരു തിന്മയായിരുന്നു. ബൈബിളും ക്രിസ്ത്വാനുകരണവും അദ്ദേഹം കൂടെ കൊണ്ടുനടന്നിരുന്നു. അല്പസമയം കിട്ടിയാൽ അദ്ദേഹം അത് വായിച്ചുതീർക്കും. വിൻസെന്റിന്റെ ഓരോ നിശ്വാസവും പ്രാർത്ഥനയായിരുന്നു. മണിനാദം കേൾക്കുമ്പോഴും നാഴികമണി അടിക്കുമ്പോഴും അദ്ദേഹത്തിന്റെ ഹൃദയം സ്വർഗ്ഗോന്മുഖമായി ഉയരും. കത്തോലിക്കാവിശ്വാസത്തിൽ, സഭാമാതാവിന്റെ മടിത്തട്ടിൽതന്നെ പിറക്കാൻ ഭാഗ്യം കിട്ടിയതിൽ വിൻസെന്റ് ദൈവത്തിന് കൃതജ്ഞതാസ്തോത്രം അർപ്പിച്ചിരുന്നു. മനുഷ്യരെല്ലാവരും ക്രിസ്തുനാഥന്റെ സഹോദരങ്ങളാണെന്നുള്ള ചിന്ത അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മുഴങ്ങിനിന്നിരുന്നു. ഈശോയുടെ പീഡാനുഭവം, പരിശുദ്ധ കന്യാമറിയത്തിന്റെ വാത്സല്യം, വിശുദ്ധരുടെ തീക്ഷണതയേറിയ ജീവിതം മുതലായവയെ പറ്റി പ്രസംഗിക്കുമ്പോൾ അദ്ദേഹം വികാരവിവശനാകാറുണ്ട്. ആരെങ്കിലും ദൈവദൂഷണം പറയുകയോ, പ്രവർത്തിക്കുകയോ, ചെയ്താൽ

അദ്ദേഹം മുട്ടുകുത്തി നിലം ചുംബിച്ച് അതിന് പരിഹാരം ചെയ്യും. യാത്രയിൽ അദ്ദേഹത്തെ അനുഗമിക്കാൻ ഒരു വേലക്കാരനുണ്ടാകും. അയാളുമൊത്ത് ജപമാല ചൊല്ലിയാണ് യാത്ര. മെയ്യാസ റാണിയോട് പ്രത്യേകമായ ഒരു സ്നേഹം പള്ളോട്ടിക്ക് ഉണ്ടായിരുന്നു. സഭയ്ക്കുവേണ്ടി ഒരു പടയാളിയെപ്പോലെ അദ്ദേഹം അടരാടി. തിരുസഭയോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. വിശ്വാസം ഉദ്ദീപിക്കാൻ ഒരു മാർഗ്ഗമായി അദ്ദേഹം ഒരു ക്രൂശിതരൂപം മുറിയിൽ മേശപ്പുറത്ത് വച്ചിരുന്നു. ക്രൂശിതനായ യേശുവാണ് നമ്മുടെ പ്രവൃത്തികൾക്ക് പ്രചോദനം നൽകുന്നതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു.

## ഇറ്റാലിയൻ ചരിത്രകാരന്മാർ

ഇറ്റാലിയൻ ചരിത്രകാരന്മാർ വിൻസെന്റിനെക്കുറിച്ച് ഇങ്ങനെ എഴുതി. വിൻസെന്റ് ഒരു ഹ്രസ്വകായനായിരുന്നു. കഷണ്ടിത്തല, മുന്നോട്ട് അല്പം വളവ്, അത് പ്രായാധിക്യം കൊണ്ട് ഉണ്ടായതല്ല പ്രത്യുത കഠിനാദ്ധ്വാനവും, തപശ്ചര്യകളും കൊണ്ടുണ്ടായതാണ്. ഗൗരവമുള്ള മുഖഭാവം എങ്കിലും മധുരവും പ്രശാന്ത സുന്ദരവുമായ ചേഷ്ടകൾ ജ്വലിക്കുന്ന നീലകണ്ണുകൾ, വിശാലമായ നെറ്റിത്തടം ആകാരഭംഗിയുള്ളതായിരുന്നു. അദ്ദേഹം സാവകാശമാണ് സംസാരിച്ചിരുന്നത്. സംസാരിക്കുമ്പോൾ വാക്കുകൾ എല്ലാം അളന്നുതൂക്കി അപഗ്രഥിക്കുന്നതുപോലെ തോന്നിയിരുന്നു. അദ്ദേഹത്തിന്റെ ഷൂസും വസ്ത്രവുമെല്ലാം വിലകുറഞ്ഞതായിരുന്നെങ്കിലും വൃത്തിയുള്ളതായിരുന്നു. അദ്ദേഹം ഒരു പണ്ഡിതനായിരുന്നു. ദൈവശാസ്ത്രത്തിൽ അദ്ദേഹത്തിന് ആഴമേറിയ ജ്ഞാനമുണ്ടായിരുന്നു. ആർക്കും സഹായഹസ്തം നൽകാൻ അദ്ദേഹം സന്നദ്ധനായിരുന്നു. അനുസരണമെന്ന പുണ്യം അദ്ദേഹത്തിന് പ്രിയങ്കരമായിരുന്നു. പ്രേക്ഷിതതരംഗങ്ങളിലേക്ക് തിരിക്കുന്ന മിഷനറിമാർക്ക് ധാരാളം കൊന്തകളും കുരിശുകളും മെഡലുകളും സമ്മാനിക്കും.

## മരണക്കിടക്കയിൽ

1850 ജനുവരി 16 ന് ഢാൻ അഗാത്തയിലുള്ള ഒരു ബാലമന്ദിരം സന്ദർശിച്ച ശേഷം വിൻസെന്റ് സ്നേഹിതനും ഉപകാരിയുമായ സാൾവാട്ടിയുടെ വീട്ടിലെത്തി. ശക്തമായ പനി, പരിക്ഷീണിതനായ വിൻസെന്റ് അയാളുമൊത്ത് അല്പം ഭക്ഷണം കഴിച്ചു. പെട്ടെന്ന് ദീർഘശ്വാസംവിട്ട് അദ്ദേഹം സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്തി പറഞ്ഞു. ഞാൻ ഈ ഭക്ഷണം കഴിക്കണമെന്ന് ദൈവം അഭിലക്ഷിക്കുന്നില്ല. ഉടനെതന്നെ അവർ വിൻസെന്റിനെ ഒരു വണ്ടിയിൽ കയറ്റി വീട്ടിലെത്തിച്ചു. ഡോക്ടർമാർ എത്തി പരിശോധിച്ചു. പ്ലൂരസിയും വലിയ പനിയും ബാധിച്ചിരിക്കുന്നതായി ഡോക്ടർമാർ കണ്ടു. അദ്ദേഹം പറഞ്ഞു. 'ദൈവേഷ്ടത്തിന് കീഴ്വഴങ്ങാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. ഉടൻ തന്നെ ഞാൻ കിടക്കയോട് വിടപറയും.' സഭയിലെ ആത്മീയമക്കൾ അദ്ദേഹത്തിന്റെ ചുറ്റും നിന്ന് പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം വിശുദ്ധ യൗസേപ്പിതാവിന്റെയും കന്യാമറിയത്തിന്റെയും തിരുസ്വരൂപങ്ങൾ കൊണ്ടുവന്നു. വലിയ ക്രൂശിത രൂപത്തിന്റെ ഇരവശങ്ങളിലായി കാണത്തക്കവിധം അത് വച്ചു. ഫ. ഡോൺ വക്കാരി അദ്ദേഹത്തിന് അന്ത്യകൂദാശ നൽകി. അനന്തരം ക്രൂശിതരൂപം ചുംബിച്ചുകൊണ്ട് അദ്ദേഹം ഉരുവിട്ടു. ''ഈശോ മിറയമേ സ്തുതി.''മരണനേരത്തുള്ള ആശീർവ്വാദം വൈദികൻ നല്കികൊണ്ടിരിക്കവേ വിൻസെന്റ് പ്രശാന്തനായി അന്ത്യശ്വാസം വലിച്ചു. 1850 ജനുവരി 22-◌ാം തിയ്യതി രാത്രി 9.45 നാണ് വിൻസെന്റ് പരലോകം പ്രാപിച്ചത്.

## ഭൗതികശരീരം പൊതുദർശനത്തിന്

വിൻസെന്റ് പള്ളോട്ടിയുടെ മരണം കാട്ടുതീപോലെ റോമിലെങ്ങും പരന്നു. അവർ പരസ്പരം പറഞ്ഞു. 'ഒരു വിശുദ്ധൻ മരിച്ചിരിക്കുന്നു.' മൂന്നുദിവസം ഭൗതികശരീരം പൊതുദർശനത്തിന് വച്ചു. നഗരത്തിന്റെ നാനാഭാഗത്തുനിന്നും തൊഴിലാളികൾ, കുട്ടികൾ, ഉദ്യോഗസ്ഥർ, പട്ടാളക്കാർ, അധികാരികൾ എന്നുവേണ്ട,സമൂഹത്തിലെ സമസ്തവിഭാഗവും ആദരാഞ്ജലികൾ അർപ്പിക്കാൻ എത്തിയിരുന്നു. നാലാം ദിവസം ശരീരം വിലാപയാത്രയോടെ സാൾവാത്തോരെ ദേവാലയത്തിൽ സംസ്കരിച്ചു.

## നാമകരണ പദ്ധതികൾ

1852-ൽ നാമകരണപദ്ധതികൾ ആരംഭിച്ചു. നാമകരണസംഘം 454 സെഷനുകളായി തെളിവുകൾ ശേഖരിച്ചു. എല്ലാം സമഗ്രമായി പഠിച്ചതിനുശേഷം തിരുസഭ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 1906-ലും 1949-ലും റീത്തുകളുടെ തിരുസംഘത്തിന്റെ നിർദ്ദേശ പ്രകാരം അദ്ദേഹത്തിന്റെ കബറിടം തുറക്കുകയുണ്ടായി. അപ്പോൾ ശരീരം അക്ഷയമായി കാണപ്പെട്ടു. 1932 ജനുവരി 24-◌ാം

പതിനൊന്നാം പിയൂസ് മാർപാപ്പ വിൻസെന്റ് ദൈവീകവും സാന്മാർഗ്ഗികവുമായ പുണ്യങ്ങൾ വിരോചിതമായി അഭ്യസിച്ചിരുന്നുവെന്ന് പ്രഖ്യാപിച്ചു. കത്തോലിക്കാപ്രേഷിതത്വത്തിന്റെ മുന്നോടിയായി അദ്ദേഹത്തെ മാർപാപ്പ ചിത്രീകരിച്ചു. 1963 ജനവരി 20-ാം തിയതി യോഹന്നാൻ 23-ാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധൻ എന്ന് പ്രഖ്യാപിച്ചു. നാമകരണപരിപാടിയിൽ ആത്മാക്കളെ വിശുദ്ധീകരിക്കുവാനുള്ള അദ്ദേഹത്തിന്റെ പാടവം, കുമ്പസാരവേദിയിലെ പ്രേഷിതത്വം, ത്യാഗസന്നദ്ധത മുതലായവ വീരോചിതമായി പ്രഖ്യാപിക്കപ്പെട്ടു. റോമിന്റെ അപ്പസ്തോലൻ, അഖിലലോകപ്രേക്ഷിതവര്യൻ, കുടുംബത്തിലെ മാലാഖ, നിത്യനഗരിയിലെ അപ്പസ്തോലൻ, കത്തോലിക്കാപ്രേക്ഷിതത്വത്തിന്റെ മുന്നോടി എന്നീ പേരുകളിലെല്ലാം വിശുദ്ധ വിൻസെന്റ് പള്ളോട്ടി ഇന്ന് അറിയപ്പെടുന്നു. അദ്ദേഹത്തിനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുമുമ്പുതന്നെ അദ്ദേഹത്തിന്റെ ആദർശങ്ങളും ആശയങ്ങളും സഭയിലുടനീളം വ്യാപിച്ചിരുന്നു. അദ്ദേഹം രൂപംകൊടുത്ത സംരംഭം ഒരു അന്തർദേശീയസഭയായി മാറിക്കഴിഞ്ഞു. 'പള്ളോട്ടിയൻസ്' എന്ന പേരിൽ ഈ സമൂഹം ഇന്ന് അറിയപ്പെടുന്നു. അല്മായപ്രേഷിതപ്രവർത്തനം അതാണ് അവരുടെ പ്രത്യേകത.

വിശുദ്ധ വിൻസെന്റ് പള്ളോട്ടീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...